# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 25<br>September 25 | 2019 |
|---|---|

*1193 കന്നി* 9 ബുധൻ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

### ഇന്റർവ്യൂ മാറ്റിവച്ചു

ജില്ലയിൽ ഹോമിയോപ്പതി വകുപ്പിൽ പിറ്റിഎസ് തസ്തികയിലേക്ക് ഈ മാസം 30നും കുക്ക് തസ്തികയിലേക്കും സദ്ഗമയ പദ്ധതിയിൽ സ്പെഷ്യൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തിയിലേക്കും ഒക്ടോബർ ഒന്നിനും നടത്താനിരുന്ന ഇന്റർവ്യൂ മാറ്റിവച്ചതായി ഹോമിയോപ്പതി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു . (പിഎൻപി 2643/19)

### പാഠം ഒന്ന്: മാലിന്യം തരംതിരിക്കൽ
### കളക്ടേഴ്സ് @ സ്കൂൾ പദ്ധതി ഒക്ടോബർ ഒന്നിന് ആരംഭിക്കും

കണക്കും ഇംഗ്ലീഷും മലയാളവും മാത്രമല്ല, മാലിന്യം എങ്ങനെ ഫലപ്രദമായി തരംതിരിക്കാമെന്ന പാഠംകൂടി നമ്മുടെ വിദ്യാലങ്ങളിൽ ഇനി പഠിപ്പിക്കും. സ്കൂൾവഴിയുള്ള മാലിന്യശേഖരണപദ്ധതി 'കളക്ടേഴ്സ് അറ്റ് സ്കൂളി'ന് ഈ വാരം സംസ്ഥാനത്ത് തുടക്കമാവുന്നതിനൊപ്പം ജില്ലയിലും ആരംഭിക്കും. ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ ശുചിത്വമിഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ജില്ലയിലെ മൂന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തുടർന്ന് മറ്റ് സ്കൂളുകളിലും മാലിന്യശേഖരണത്തിനായുള്ള ബിന്നുകൾ സ്ഥാപിക്കും. വിദ്യാർഥികളിൽ മാലിന്യം തരംതിരിക്കുന്നതിനുള്ള സംസ്കാരം വളർത്തുന്നതിനൊപ്പം വീടുകളിലും മാലിന്യം തരംതിരിച്ച് സംസ്കരിക്കേ തിന്റെ സന്ദേശം എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ഒക്ടോബർ ഒന്നിന് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നടക്കും.

ഒരു ജില്ലയിൽ മൂന്ന് എന്ന കണക്കിൽ 42 സ്കൂളുകളാണ് ആദ്യം പദ്ധതിയുടെ ഭാഗമാവുക. സ്കൂളുകളിൽ നാലുവീതം ബിന്നുകൾ ശുചിത്വമിഷൻ സ്ഥാപിക്കും. മറ്റ് സ്കൂളുകളിൽ ബിന്നുകൾ സ്ഥാപിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ നിർദേശം നൽകിയിട്ടു ്. പെറ്റ് ബോട്ടിൽ, ഹാർഡ് ബോട്ടിൽ, പാൽ കവർ, പേപ്പർ എന്നിവ നിക്ഷേപിക്കാനുള്ള മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളാണ് സ്കൂളുകളിൽ സ്ഥാപിക്കുന്നത്. വീടുകളിൽനിന്ന് ഇവ കഴുകി വൃത്തിയാക്കി ഉണക്കി വിദ്യാർഥികൾ സ്കൂളുകളിലേക്കു കൊ ുപോകണം.

എല്ലാ മാസവും സ്കൂളുകളിൽ മുൻകൂട്ടി നിശ്ചയിക്കുന്ന ദിവസങ്ങളിലാണ് പാഴ്വസ്തുക്കൾ കൊ ുവരേ ത്. തദ്ദേശസ്ഥാപനങ്ങളുടെ ഹരിതകർമസേനയെയോ, പാഴ്വസ്തു വ്യാപാരികളേയോ ചുമതലപ്പെടുത്തി ഇവ ശേഖരിച്ച് സംസ്കരിക്കും. എൻ.എസ്.എസ്, സ്റ്റുഡന്റ് പൊലീസ്, എൻ.സി.സി, സ്കൗട്ട് ആൻഡ് ഗൈഡ് തുടങ്ങിയവയുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പാക്കുക.

കണ്ണൂർ ജില്ലയിൽ വിജയകരമായി നടപ്പിലാക്കിയ ഈ പദ്ധതിയിൽ 150 സ്കൂളുകളാണ് പങ്കാളികളായത്. അവിടെ നിന്നും ഒരു വർഷ കാലയളവിൽ നാലായിരം കിലോ മാലിന്യമാണ് ശേഖരിച്ച് സംസ്കരിക്കാനായത്. അതേ മാതൃകയിലാണ് എല്ലാ ജില്ലകളിലും പദ്ധതി വ്യാപിപ്പിക്കാൻ സർക്കാർ നിർദേശിച്ചിട്ടുള്ളത്. വളർന്നുവരുന്ന വിദ്യാർഥികളിലൂടെ മാലിന്യ സംസ്കരണത്തിന്റെ ആദ്യപാഠങ്ങൾ പഠിപ്പിച്ച് ഭാവിയിൽ പൊതുസമൂഹത്തിനുതന്നെ മാലിന്യം സമ്പത്താണെന്നും അവ തരംതിരിച്ച് ശേഖരിച്ച് സംസ്കരിച്ചാൽ മാത്രമേ പ്രകൃതിക്കും മനുഷ്യനും ദോഷമു ാകാതിരിക്കുകയുള്ളൂവെന്നും മനസിലാക്കുകയുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. (പിഎൻപി 2644/19)

## ഫിനാൻഷ്യൽ അക്കൗ ിംഗ് പാക്കേജസ് കോഴ്സിന് അപേക്ഷിക്കാം

എൽബിഎസ് സെന്ററും നോർക്ക റൂട്ട്സും സംയുക്തമായി അടൂർ സബ് സെന്ററിൽ ആരംഭിക്കുന്ന ഫിനാൻഷ്യൽ അക്കൗ ിംഗ് പാക്കേജസ് കോഴ്സിന് അപേക്ഷിക്കാം. മൂന്ന് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ടാലി, വ്യക്തിത്വ വികസനം, ഇംഗ്ലീഷ് ഭാഷാ പരിശീലനം, അറബി ഭാഷാ പരിശീലനം ഇവ കോഴ്സിന്റെ ഭാഗമാണ്. ആകെ ഫീസിന്റെ 25 ശതമാനം അടച്ചാൽ മതിയാകും. ബിപിഎൽ വിഭാഗത്തിൽപ്പെടുന്ന എസ്.സി/എസ്.റ്റി വിദ്യാർഥികൾ ഫീസ് അടയ്ക്കേ തില്ല. കൂടുതൽ വിവരം അടൂർ സബ്സെന്ററിൽ ലഭിക്കും. ഫോൺ: 9947123177. (പിഎൻപി 2645/19)

## ജില്ലാ ആസൂത്രണ സമിതിയോഗം മാറ്റിവച്ചു

ജില്ലയിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഒക്ടോബർ ഒന്നിന് നടത്താനിരുന്ന ജില്ലാ ആസൂത്രണ സമിതിയോഗം മാറ്റിവച്ചതായി ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 2646/19)

## ശബരിമല തീർഥാടനം: യോഗം അഞ്ചിന്

ഈ വർഷത്തെ ശബരിമല തീർഥാടന മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഒക്ടോബർ അഞ്ചിന് രാവിലെ 10ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. (പിഎൻപി 2647/19)

## പരാതിപരിഹാര അദാലത്ത് മാറ്റിവച്ചു

ജില്ലയിൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ 27ന് നടത്താനിരുന്ന കോന്നി താലൂക്കുതല പരാതിപരിഹാര അദാലത്ത് മാറ്റിവച്ചതായി തഹസീൽദാർ അറിയിച്ചു.

(പിഎൻപി 2648/19)

## സദ്ഗമയ: ഏകദിന ശില്പശാല നടത്തി

സംസ്ഥാന ഹോമിയോപ്പതി വകുപ്പിന്റെ സദ്ഗമയ പദ്ധതിയുടെ ഭാഗമായി ഓമല്ലൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ ഏകദിന ശില്പശാല നടത്തി. ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ.ബിജു ശില്പശാല ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് വി. ആർ.ഉത്തമൻ അധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ് ശ്രീജ, ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ.രജികുമാർ, പ്രിൻസിപ്പാൾ റ്റി.വിത്സൺ, പിടിഎ വൈസ്പ്രസിഡന്റ് സുരേഷ് കുമാർ എന്നിവർ സംസാരിച്ചു.

പഠന സ്വഭാവ വൈകല്യങ്ങൾ പരിഹാരം ഹോമിയോപ്പതിയിലൂടെ എന്ന വിഷയത്തിൽ ഡോ.ജി.ഷീബ, പരീക്ഷ അഭിമുഖീകരിക്കുന്നത് എങ്ങനെ എന്ന വിഷയത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് പി.എം.അഞ്ജു എന്നിവർ ക്ലാസ് നയിച്ചു. (പിഎൻപി 2649/19)

## ഗാന്ധി ജയന്തി വാരാചരണം; ആലോചനയോഗം നാളെ

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് ജില്ലയിൽ സംഘടിപ്പിക്കുന്ന ഗാന്ധി ജയന്തി വാരാചരണത്തിന്റെ ഭാഗമായുള്ള ആലോചനായോഗം എ ഡി എം സജി എഫ് മെൻഡിസിന്റെ അധ്യക്ഷതയിൽ ചേംബറിൽ നാളെ (27) രാവിലെ 11.30 ന് നടക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഗാന്ധിയൻ സംഘടനാ ഭാരവാഹികളും പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ പി ബി നൂഹ് അറിയിച്ചു. (പിഎൻപി 2650/19)

## ഇലവുംതിട്ട മൂലൂർ സ്മാരകത്തിൽ വിദ്യാരംഭം

വിജയദശമി ദിവസം രാവിലെ (ഒക്ടോബർ എട്ട്) ഇലവുംതിട്ട സരസകവി മൂലൂർ സ്മാരകത്തിൽ വിദ്യാരംഭ ചടങ്ങുകൾ നടക്കും. ഏഴാച്ചേരി രാമചന്ദ്രൻ, റവ:ഡോ.മാത്യു ഡാനിയേൽ, ഡോ.കെ.ജി സുരേഷ് പരുമല തുടങ്ങിയവർ കുഞ്ഞുങ്ങളെ എഴുത്തിനിരുത്തും. രാവിലെ 7.30 മുതൽ ചടങ്ങുകൾ ആരംഭിക്കും. വിദ്യാരംഭ ചടങ്ങുകൾക്കു ശേഷം കവിയരങ്ങ് നടക്കും. കവിയരങ്ങിന് ശേഷം 'ചിന്താവിഷ്ടയായ സീത'യുടെ രചനാ ശതാബ്ദി അനുസ്മരണത്തോടനുബന്ധിച്ച് വി എസ് ബിന്ദു അനുസ്മരണ പ്രഭാഷണം നടത്തും. (പിഎൻപി 2651/19)

## ഫോട്ടോ അടിക്കുറിപ്പ്

1) സദ്ഗമയ പദ്ധതിയുടെ ഭാഗമായി ഓമല്ലൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ശില്പശാല ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ.ബിജു ഉദ്ഘാടനം ചെയ്യുന്നു.




വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **സെപ്റ്റംബർ 25** <br> **September 25** | **2019** |

***1193 കന്നി* 9 ബുധൻ**

# പത്രക്കുറിപ്പ് -2

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

**കോന്നി ഉപതെരഞ്ഞെടുപ്പ്: മൂന്നാം ദിനവും ആരും പത്രിക നൽകിയില്ല**

കോന്നി നിയമസഭാ ഉപതെരഞ്ഞെടുപ്പിന് മൂന്നാം ദിവസവും ആരും പത്രിക സമർപ്പിച്ചില്ല. നാമനിർദ്ദേശ പത്രികകൾ ഈ മാസം 30 വരെയാണ് സ്വീകരിക്കുക. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ കളക്ടറേറ്റിൽ വരണാധികാരിയായ എൽ ആർ ഡെപ്യൂട്ടി കളക്ടർ എം.ബി ഗിരീഷ്, ബ്ലോക്ക് പഞ്ചായത്തിൽ ഉപ വരണാധികാരിയായ കോന്നി ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ സിപി രാജേഷ് കുമാർ എന്നിവരുടെ മുൻപാകെ പത്രിക സമർപ്പിക്കാം. (പിഎൻപി 2652/19)

**പൊതു അവധി ദിവസവും 28നും പത്രിക സ്വീകരിക്കില്ല**

തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ് പ്രകാരം പൊതു അവധി ദിവസങ്ങൾ, മാസത്തിലെ ര ാം ശനിയാഴ്ച, നാലാം ശനിയാഴ്ച എന്നീ ദിവസങ്ങളിൽ സ്ഥാനാർത്ഥികളുടെ നാമനിർദേശ പത്രിക സ്വീകരിക്കുന്നതല്ലെന്ന് കോന്നി നിയമസഭാ ഉപതെരഞ്ഞെടുപ്പ് വരണാധികാരിയായ എൽ ആർ ഡെപ്യൂട്ടി കളക്ടർ എം.ബി ഗിരീഷ് അറിയിച്ചു. ഈ മാസം 28 ഓഫീസ് പ്രവൃത്തി ദിവസമാണെങ്കിലും നാലാം ശനിയാഴ്ച ആയതിനാൽ പത്രികകൾ സ്വീകരിക്കുകയില്ലെന്നും അദ്ദേഹം പറഞ്ഞു.

(പിഎൻപി 2653/19)

**കുവൈറ്റിൽ ഗാർഹിക തൊഴിൽ മേഖലയിൽ സൗജന്യ നിയമനം**

കുവൈറ്റിലെ അർധ സർക്കാർ റിക്രൂട്ട്മെന്റ് കമ്പനിയായ അൽദുര ഫോർ മാൻ പവറുമായുള്ള ധാരണപത്രത്തിന്റെ അടിസ്ഥാനത്തിൽ, നിയമപരവും, സുരക്ഷിതവും, സുതാ

ര്യവുമായ കുടിയേറ്റം ഉറപ്പു വരുത്തുക, എന്ന ലക്ഷ്യത്തോടെ വനിത ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുവാൻ സന്നദ്ധരായ വനിതകളെ നോർക്ക റൂട്ട്സ് മുഖാന്തിരം തെരഞ്ഞെടുത്ത് അൽദുര കമ്പനി മുഖേന കുവൈറ്റിൽ നിയമനം നൽകുന്നു. ശമ്പളം 110 കെ.ഡി (ഏകദേശം 25000രൂപ). തെരഞ്ഞടുക്കപ്പെടുന്നവർക്ക് വിസ, വിമാന ടിക്കറ്റ് , താമസം, ഭക്ഷണം സൗജന്യമാണ്. നോർക്ക റിക്രൂട്ട്മെന്റും തികച്ചും സൗജന്യമാണ്. ഇതുമായി ബന്ധപ്പെട്ട് 28ന് രാവിലെ 10 മുതൽ നെടുങ്ക ം പഞ്ചായത്ത് ഓഫീസിൽ സെന്റർ ഫോർ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് നടത്തുന്ന പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗാമിനോടൊപ്പം തൽപര്യമുള്ളവരെ അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കും. 30 നും 45 നും മധ്യേ പ്രായമുള്ള വനിതകൾ വിശദമായ ബയോഡാറ്റ, ഫുൾ സൈസ് ഫോട്ടോ, പാസ്പോർട്ടിന്റെ പകർപ്പ് എന്നിവയുമായി ഹാജരാകണം. കൂടുതൽ വിവരം 0471-2770544, 18004253939 എന്നീ നമ്പരുകളിൽ ലഭിക്കും.

(പിഎൻപി 2654/19)

**ഗാന്ധിജയന്തി വാരാഘോഷം കറക്ടഡ് ന്യൂസ്**

## ഗാന്ധി ജയന്തി വാരാചരണം; ആലോചനയോഗം നാളെ

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും വിവിധ സർക്കാർ വകുപ്പുകളുടെയും ഗാന്ധിയൻ സംഘടനകളുടെയും സഹകരണത്തോടെ ജില്ലയിൽ സംഘടിപ്പിക്കുന്ന ഗാന്ധി ജയന്തി വാരാചരണത്തിന്റെ ഭാഗമായുള്ള ആലോചനായോഗം എഡിഎം സജി എഫ് മെൻഡിസിന്റെ അധ്യക്ഷതയിൽ ചേംബറിൽ നാളെ (27) രാവിലെ 11.30 ന് നടക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഗാന്ധിയൻ സംഘടനാ ഭാരവാഹികളും പങ്കെടുക്കണമെന്ന് ജില്ലാ കളക്ടർ പി ബി നൂഹ് അറിയിച്ചു. (പിഎൻപി 2655/19)

## കെട്ടിട നികുതി: പരാതി നൽകാം

ഇലന്തൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ, കെട്ടിടനികുതി, കെട്ടിടത്തിന്റെ ഉപയോഗക്രമം എന്നിവ സംബന്ധിച്ച് പരാതിയുള്ളവർ ഈ മാസം 30ന് മുമ്പ് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകണം. 2019-20 വർഷത്തെ കെട്ടിടനികുതി പിഴപ്പലിശ കൂടാതെ ഈ മാസം 30 വരെ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നേരിട്ടോ ഓൺലൈൻ മുഖാന്തിരമോ ഒടുക്കാമെന്ന് സെക്രട്ടറി അറിയിച്ചു.

(പിഎൻപി 2656/19)

## വ്യാജമദ്യനിയന്ത്രണ സമിതിയോഗം മാറ്റി

ജില്ലയിൽ മാതൃകാപെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ 27ന് കളക്ടറേറ്റിൽ ചേരുവാനിരുന്ന ജില്ലാതല വ്യാജമദ്യ നിയന്ത്രണ സമിതിയോഗം മാറ്റിവച്ചു. (പിഎൻപി 2657/19)

## സിഎഫ്ആർഡിയിൽ പരിശീലനം

മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണം, ഗുണനിലവാരം, വിപണനം, ഭക്ഷ്യസുരക്ഷ എന്നിവ സംബന്ധിച്ച് ഒക്ടോബർ 15 മുതൽ 19 വരെ കോന്നി സിഎഫ്ആർഡിയിൽ പരിശീലനം നൽകും. സയൻസ് വിഷയത്തിൽ ബിരുദധാരികളും ഭക്ഷ്യസംസ്കരണം, വിപണനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും താത്പര്യവുമുള്ളവർക്ക് പങ്കെടുക്കാം. നിലവിൽ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയിൽ പ്രവർത്തിക്കുന്നവർക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവു ്. ഫോൺ: 0468 2241144. (പിഎൻപി 2658/19)

## സ്കോൾകേരള: മാത്ത്സ് പ്രവേശനത്തിന് 30 വരെ അവസരം

സ്കോൾ കേരള മുഖേന 2019-21 ബാച്ചിൽ വിഎച്ച്എസ്ഇ അഡീഷണൽ മാത്ത്സ് കോഴ്സിന് യഥാസമയം രജിസ്റ്റർ ചെയ്യാൻ സാധിക്കാതിരുന്നവർക്ക് ഈ മാസം 30 വരെ നിർദിഷ്ട രേഖകൾ സഹിതം ഹാജരായി സംസ്ഥാന ഓഫീസിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരം ജില്ലാ കേന്ദ്രങ്ങളിലും 0471 2342950, 2342271, 2342369 എന്നീ നമ്പരുകളിലും ലഭിക്കും. (പിഎൻപി 2659/19)

## സ്കോൾകേരള: ഡിസിഎ പ്രവേശന തീയതി നീട്ടി

സ്കോൾ കേരള മുഖാന്തിരം തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ സംഘടിപ്പിക്കുന്ന ഡിസിഎ കോഴ്സ് അഞ്ചാം ബാച്ച് പ്രവേശനം, പുനപ്രവേശനം എന്നിവയുടെ രജിസ്ട്രേഷൻ തീയതി ഈ മാസം 30 വരെ പിഴയില്ലാതെയും 60 രൂപ പിഴയോടെ ഒക്ടോബർ നാല് വരെയും ദീർഘിപ്പിച്ചു. നിശ്ചിത സമയപരിധിക്കുള്ളിൽ ഫീസ് ഒടുക്കി www.scolekerala.org എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം.
(പിഎൻപി 2660/19)

## ഉപന്യാസ രചന മത്സരം

സെപ്തംബർ 28 പേപ്പട്ടി വിഷബാധയ്ക്കെതിരെയുള്ള ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ വിദ്യാർഥികൾക്കായി ഉപന്യാസരചന മത്സരം നടത്തും. ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ 28ന് രാവിലെ 11ന് നടത്തുന്ന മത്സരത്തിൽ മലയാളത്തിലും ഇംഗ്ലീഷിലും ഉപന്യാസം എഴുതാം. പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർഥികൾ 11ന് മുമ്പ് എത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഫോൺ: 9447694908, 9946761540.
(പിഎൻപി 2661/19)

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സഹായവുമായി എം എസ് ഹയർ സെക്കൻഡറി തുല്യതാപഠന കേന്ദ്രം

പ്രളയ ദുരിതം ബാധിച്ച ജനങ്ങൾക്ക് ധനസഹായവുമായി റാന്നി എംഎസ് ഹയർ സെക്കൻഡറി തുല്യതാപഠന കേന്ദ്രവും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധനസഹായവുമായാണിവർ കളക്ടറേറ്റിലെത്തിയത്. റാന്നി ബ്ലോക്കിലെ തുല്യതാ പഠന കേന്ദ്രത്തിലെ പഠിതാക്കളും പ്രേരക്മാരും സമാഹരിച്ച അയ്യായിരം രൂപയുടെ ചെക്ക്സാക്ഷരതാ മിഷൻ ബ്ലോക്ക് പ്രേരക് എസ് ബിന്ദു ജില്ലാ കളക്ടർ പി.ബി നൂഹിന് കൈമാറി. തുല്യതാ പഠന കേന്ദ്രം ഹയർ സെക്കൻഡറി കോഴ്സ് കോ-ഓർഡിനേറ്റർ അഫ്സൽ ആനപ്പാറ, പ്രേരക്മാരായ കെ ടി വിജയമ്മ, എം കെ സുമംഗല എന്നിവർ പങ്കെടുത്തു.
(പിഎൻപി 2662/19)

## കെട്ടിട വിവരങ്ങൾ തിരുത്താം

വടശേരിക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ പഞ്ചായത്ത് രേഖകളിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ തിരുത്തുന്നതിന് ആവശ്യമായ രേഖകൾ സഹിതം ഒക്ടോബർ ഒന്നിന് മുമ്പ് അപേക്ഷ നൽകണമെന്ന് സെക്രട്ടറി അറിയിച്ചു.
(പിഎൻപി 2663/19)

## ഫോട്ടോ അടിക്കുറിപ്പ്

2) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് റാന്നി ബ്ലോക്കിലെ തുല്യതാ പഠന കേന്ദ്രത്തിലെ പഠിതാക്കളും പ്രേരക്മാരും സമാഹരിച്ച തുക ജില്ലാ കളക്ടർ പി.ബി നൂഹിന് സാക്ഷരതാ മിഷൻ ബ്ലോക്ക് പ്രേരക് എസ് ബിന്ദു കൈമാറുന്നു.




വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.